**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3826** **06-08-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹിക വനവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹിക വനവത്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | (എ) | സാമൂഹ്യ വനവത്കരണത്തിനായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പരിസ്ഥിതി ദിനത്തോടനുബന്ധിച്ചും വനമഹോത്സവത്തിന്റെ ഭാഗമായും തൈകൾ ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും വനം വകുപ്പ് നേരിട്ട് നട്ടുപിടിപ്പിക്കുകയും ചെയ്തു വരുന്നു. കൂടാതെ സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, പുഴയോര സംരക്ഷണം, സ്ഥാപന വനവൽക്കരണം, നഗരവനം, വിദ്യാവനം, നക്ഷത്രവനം, ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്കും പരിസ്ഥിതി പ്രവർത്തനങ്ങൾക്കും വനവൽക്കരണ പരിപാടികൾക്കും പ്രോത്സാഹനമെന്ന നിലയിൽ ജില്ലാടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര പുരസ്കാരവും നൽകിവരുന്നു. കണ്ടൽക്കാടുകളുടെയും, കാവുകളുടെയും സംരക്ഷണം, സ്വാകാര്യഭൂമികളിൽ വൃക്ഷം വച്ചുപിടിപ്പിയ്ക്കുന്നതിനുള്ള പ്രോത്സാഹന ധനസഹായ പദ്ധതി, ഫോറസ്ട്രി ക്ലബ്ബ് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | വിദ്യാർഥികളെ ഉൾപ്പെടുത്തി കൊണ്ട് വനവത്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ സ്വാഭാവിക വനങ്ങളോട് സാദൃശ്യമുള്ള ചെറുവനങ്ങൾ സൃഷ്ടിയ്ക്കുന്ന വിദ്യാവനം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ